ഭരണാനുമതി നല്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ അനുമതിയെത്തുടർന്ന് വെയ് ബ്രിഡ്ജ് ഫൗണ്ടേഷന്റേയും റ്റയൽ മുറിയുടെ നിർമ്മാണവും അപ്രോച്ച് റോഡിന്റെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. പ്രോഡക്ട് റിപ്പോർട്ട് സമർപ്പിക്കാനുള്ള കേന്ദ്ര സർക്കാർ നിർദ്ദേശാനുസരണം തിരുവനന്തപുരത്തെ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (സെസ്സ്) എന്ന സ്ഥാപനംവഴി മാതൃകാ പഠനം നടത്തി 1970 ലക്ഷം രൂപയുടെ പുതുക്കിയ പ്രോജക്ട് 8-10-2002-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന് അനുമതി ലഭിച്ചാൽ ഉടൻതന്നെ ഈ മത്സ്യബന്ധന തുറമുഖ നിർമ്മാണം ആരംഭിക്കും.

(4) കോന്നിയിലെ കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. അടൂർ പ്രകാശ് : സർ, മലയോര പ്രദേശമായ എന്റെ നിയോജകമണ്ഡലം അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശമാണ്. ഈ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള കുടിവെള്ള പദ്ധതികളായ പ്രമാടം പഞ്ചായത്തിൽ പ്രമാടം ശുദ്ധജലപദ്ധതി, അരുവാപുറം പഞ്ചായത്തിലെ മാലപ്പാറ ശുദ്ധജല പദ്ധതി, കലഞ്ഞൂർ പഞ്ചായത്തിലെ കലഞ്ഞൂർ ഏനാദിമംഗലം പദ്ധതി ഇവ വിപുലീകരിക്കുന്നതിനുവേണ്ടി പി.എം.ജി.വൈ. പദ്ധതിപ്രകാരം നടപടി സ്വീകരിക്കുകയുണ്ടായി. അതുപോലെതന്നെ 9 ചെറുകിട പദ്ധതികൾക്കുകൂടി അംഗീകാരം ലഭിച്ചു. അംഗീകാരം ലഭിച്ചതിനുശേഷം ഇവ നടപ്പാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ ചേംബറിൽ 16-10-2002-ൽ ഉന്നതതല ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം വിളിച്ചുകൂട്ടുകയുണ്ടായി. ആ യോഗത്തിൽ വച്ച് ഒരു തീരുമാനം എടുത്തു. ഈ പദ്ധതികൾക്കെല്ലാംതന്നെ ടെക്നിക്കൽ സാങ്ഷൻ 30-11-2002-നു മുമ്പ് കൊടുക്കാമെന്ന് ഏറ്റിരുന്നതാണ്. പക്ഷേ നാളിതുവരെ അതിന് ടെക്നിക്കൽ സാങ്ഷൻ നല്കിയിട്ടില്ല. ഈ പദ്ധതികൾ നടപ്പാക്കി ആവശ്യമായ ടെക്നിക്കൽ സാങ്ഷൻ നല്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും നടപടികൾ സ്വീകരിക്കണം, എന്നുമാത്രമല്ല, ഈ മേഖലയിൽ പദ്ധതികൾ നടപ്പാക്കാൻവേണ്ടിയുള്ള നടപടികൾ വിലയിരുത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ വിളിച്ചിരുത്തി ഒരു ചർച്ച നടത്തുകയും ഞങ്ങളുടെ മേഖലയിലെ പാവപ്പെട്ടവർക്ക് ഒരിറ്റുവെള്ളം കുടിച്ച് മരിക്കാനുള്ള അവസരമെങ്കിലും നൽകുകയും ചെയ്യണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം.ജേക്കബ്): സർ, ബഹുമാനപ്പെട്ട അടൂർ പ്രകാശ് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണപദ്ധതികളെക്കുറിച്ചാണ് പറഞ്ഞത്. ശുദ്ധജലവിതരണ പദ്ധതികളുടെ പ്രവൃത്തികൾ അവലോകനം ചെയ്യുന്നതിനുവേണ്ടി ഞാൻ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടിയിരുന്നു. ശ്രീ. അടൂർ പ്രകാശിന്റെ നിയോജകമണ്ഡലത്തിൽ 9 കുടിവെള്ള പദ്ധതികൾക്ക് 29-6-2002-ന് കൂടിയ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. അതുപോലെതന്നെ പ്രമാടം ശുദ്ധജല വിതരണ പദ്ധതി, കൂടൽ ഏനാദിമംഗലം ശുദ്ധജല വിതരണ പദ്ധതി, മാലപ്പാറ

LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധജല പദ്ധതി എന്നിവയ്ക്ക് 21-11-2002-ൽ ഭരണാനുമതി നൽകി. അദ്ദേഹം ഇവിടെ സൂചിപ്പിച്ചത് സാങ്കേതിക അനുമതി കൊടുത്തിട്ടില്ല എന്നാണ്. 9 സ്കീമുകളിൽ നാരയക്കാണി, അടുക്കാട് പദ്ധതിയൊഴികെ ബാക്കി എല്ലാ പദ്ധതികൾക്കും ടെക്നിക്കൽ സാങ്ഷൻ കൊടുത്തിട്ടുണ്ട്. അതിനകത്ത് ഇനി എം.എൽ.എ. ചെയ്യേണ്ട സംഗതി ഉണ്ട്. ഇതിൽ പല സ്കീമുകളും പ്രവർത്തനം നടത്തി മുന്നോട്ടു പോകണമെങ്കിൽ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ഇവയ്ക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കണം. സ്ഥലം ലഭ്യമാക്കിയാൽ സമയബന്ധിതമായി ഈ പദ്ധതികൾ പൂർത്തീകരിച്ച് കൊടുക്കാം.

(5) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം കമ്മിഷൻ ചെയ്യേണ്ടതിന്റെ ആവശ്യകത

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, അങ്ങേക്ക് അറിവുള്ളതാണ്. 1962-ൽ ശ്രീ.എസ്.കെ. പട്ടേൽ കേന്ദ്ര മന്ത്രിയായിരുന്നപ്പോൾ തറക്കല്ലിട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതാണ് വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ പണി. അതിന്റെ 1-ാം ഘട്ട പണി പല കാരണങ്ങളാൽ വൈകി. 2-ഉം, 3-ഉം ഘട്ട പണിക്ക് 50 ശതമാനം കേന്ദ്ര സഹായ പദ്ധതിയായി 1987-ൽ ഭരണാനുമതി ലഭിച്ചു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണ്ണ് മാന്തൽ, പ്രധാന പുലിമുട്ട്, 100 മീറ്റർ നീളം കൂട്ടൽ, ഉപപുലിമുട്ട്, റോഡുകൾ, വാർഫ്, ലേലപ്പുര, ജലവിതരണം, റിപ്പെയർ സൗകര്യങ്ങൾ, വൈദ്യുതീകരണം മുതലായവയാണ് ഉൾക്കൊള്ളിച്ചിരുന്നത്. ഇതിന് താഴെപ്പറയുന്ന പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രധാന പുലിമുട്ടിന് നീളം കൂട്ടൽ, ഉപപുലിമുട്ട്, വാർഫ്, ലേലപ്പുര, ഗിയർഷെഡ്, മണ്ണ് മാന്തലാണെങ്കിൽ ഭാഗികമായി പൂർത്തിയാക്കി. ഇനി കുറച്ച് പണികൾ പൂർത്തിയാക്കാനുണ്ട്. ഇലക്ട്രിസിറ്റി, വാട്ടർസ്പ്ലൈ, പാർക്കിംഗ് ഏരിയ, മണ്ണ് മാന്തലിന്റെ ബാക്കി പണികൾ, ഇന്റേണൽ റൂട്ട് ഇവയെല്ലാം സമയബന്ധിതമായി പൂർത്തിയാക്കാനുണ്ട്. പക്ഷേ ഈ വർഷത്തെ ബഡ്ജറ്റിൽ കേവലം 10 ലക്ഷം രൂപയാണ് ഇതിന് വകകൊള്ളിച്ചിരിക്കുന്നത്. അത് ഒന്നിനും തികയുകയില്ല. അതുകൊണ്ട് ആവശ്യമായ തുക അലോട്ട് ചെയ്യണം. അതോടൊപ്പം തന്നെ ഇതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രി തന്നെ നേരിട്ട് താൽപര്യമെടുത്ത് പരിഹാരം കണ്ടെത്തണം. 2001-ലെ എന്റെ ഒരു കത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഒരു കോൺഫറൻസ് വിളിച്ചിരുന്നു. അദ്ദേഹത്തിന് അന്ന് ഡൽഹിയിൽ നിന്നും എത്താൻ കഴിഞ്ഞില്ല. ആ കോൺഫറൻസിൽ വ്യക്തമായ ചില തീരുമാനങ്ങൾ എടുത്തു. പക്ഷേ ഒന്നും നടന്നില്ല. അതുകൊണ്ട് ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ഈ പ്രശ്നങ്ങൾ സോർട്ട് ഔട്ട് ചെയ്യുന്നതിനും ആവശ്യമായ ബഡ്ജറ്റ് അലോട്ടുമെന്റ് നടത്തുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ, മുൻകൂട്ടി പ്ലാനും പദ്ധതിയുമില്ലാതെ തുടങ്ങിയാൽ ഉണ്ടാകാവുന്ന കാലതാമസത്തിൽപ്പെട്ട ഒരു പ്രോജക്ടാണ് ഇത്. 41 വർഷം ഈ പ്രോജക്ടിന് എടുത്തിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കേണ്ട പ്രോജക്ടാണ്. സംസ്ഥാന ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം വിവിധ പ്രോജക്ടുകളിലായി ഇതിനുള്ള സാമ്പത്തികമാർഗ്ഗം കണ്ടെത്തിയിട്ടുണ്ട്. അവിടെ ഒരുപാട് കോടതി

LIBRARY ARCHIVES Kerala Legislative Assembly